ജയിലുകളിൽ വീഡിയോ കോൺഫറൻസിന് സംവിധാനം

97 (1852) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളിൽ വീഡിയോ കോൺഫറൻസിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഏതെല്ലാം ജയിലുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഇതുമൂലം ജയിൽ ഭരണത്തിൽ എന്ത് മെച്ചമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ ജയിൽ, ജില്ലാ ജയിൽ, ആറ്റിങ്ങൽ സബ്ജയിൽ, എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി, മൂവാറ്റുപുഴ, ആലുവ എന്നീ സബ് ജയിലുകൾ, കാക്കനാട് ജില്ലാ ജയിൽ, തൃശ്ശൂർ ജില്ലയിലെ വിയ്യൂർ സ്പെഷ്യൽ സബ്ജയിൽ, ഇരിങ്ങാലക്കുട, ചാവക്കാട് എന്നീ സബ്ജയിലുകൾ, കോട്ടയം ജില്ലയിലെ സ്പെഷ്യൽ സബ്ജയിൽ, പൊൻകുന്നം, പാലാ എന്നീ സബ്ജയിലുകൾ എന്നിവിടങ്ങളിലാണ് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) വീഡിയോ കോൺഫറൻസിംഗ് സംവിധാനം കൊണ്ട് കോടതിയിലെ കേസുകൾ വളരെ വേഗം തീർപ്പാക്കി ജയിലിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കാൻ സാധിക്കുന്നു. കോടതികളിൽ ഹാജരാകുന്നതിനായി തടവുകാർക്കും പോലീസിനും നൽകേണ്ടിവരുന്ന വഴിച്ചെലവും ദിനബത്തയും ലാഭിക്കാൻ സാധിക്കുന്നു. അതോടൊപ്പം തടവുകാരെ അനുഗമിക്കുന്ന പോലീസിനെ ക്രമസമാധാന പരിരക്ഷയ്ക്കായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നു. കൂടാതെ നിയമവിരുദ്ധ സാധനങ്ങളായ ലഹരി പദാർത്ഥങ്ങൾ ജയിലിൽ കൊണ്ടുവരുന്നതു തടയുക, തടവുകാരുടെ കോടതിയിലേക്കുള്ള യാത്രക്കിടയിലെ രക്ഷപ്പെടൽ തടയുക, ഒരു പ്രതിയെ വിവിധ കേസുകളിൽ ഒരേ ദിവസം തന്നെ ഹാജരാക്കാൻ സാധിക്കുക ഇവയെല്ലാം വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിമിത്തം സാധിക്കുന്നു.

കൊണ്ടോട്ടി കേന്ദ്രമാക്കി മജിസ്ട്രേറ്റ് കോടതി

98 (1853) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസംമൂലം നീതിനിർവ്വഹണം യഥാസമയം നടപ്പാക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൂടുതൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിച്ച് ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കൊണ്ടോട്ടി കേന്ദ്രമായി പുതിയ മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly